തന്നെ വിളിച്ച് അവരോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ സാമൂഹ്യ സംഘർഷം ഉണ്ടാകുന്ന, അവസരങ്ങളിൽ ഗവൺമെന്റിന്റെ നയം തന്നെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കുകയും അത് പൂർണ്ണമായി നിയന്ത്രിക്കുന്നതിനുള്ള ഏത് നടപടിയും എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കുകയുമാണ്. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എവിടെയെങ്കിലും ഒരു ചെറിയ സംഘർഷം ഉണ്ടായാൽ, നമ്മുടെ സമൂഹത്തിൽ ഇപ്പോഴും കണ്ടുവരുന്ന ഒരു പ്രവണത—വിദ്യാസമ്പന്നർ ഏറ്റവും അധികം ഉണ്ടെന്ന് അഭിമാനിക്കുന്ന കേരളത്തിൽ കണ്ടുവരുന്നത്—ജാതിയുടേയും മതത്തിന്റേയും പേരു പറഞ്ഞ്, അത് സാമൂഹ്യ സംഘർഷം ഉണ്ടാക്കുന്ന ദുരവസ്ഥയിലേക്ക് കൊണ്ടുപോകുന്ന സ്ഥിതിവിശേഷമാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. ഈ നിയമസഭയിൽ ഉൾപ്പെടുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളുമടക്കം ഹൃദയം തുറന്ന് അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. ഒരു ആഭ്യന്തരമന്ത്രി എന്ന നിലയിൽ എനിക്ക് കിട്ടുന്ന റിപ്പോർട്ടുകളും ഞാൻ കാണുന്നതുമായ ഏറ്റവും നിർഭാഗ്യകരമായ ദുരവസ്ഥയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഈ സ്ഥിതി വിശേഷത്തിന് പരിഹാരം ഉണ്ടാക്കേണ്ടത് ഈ സംസ്ഥാനത്തിന്റേയും ഈ രാജ്യത്തെ ജനങ്ങളുടേയും നൻമയ്ക്ക് ആവശ്യമാണ്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നിക്ഷിപ്ത താൽപ്പര്യക്കാരും പ്രമാണിമാരും പണക്കാരുമുണ്ട്. നേതൃത്വം കിട്ടാനോ, പ്രമാണിത്വം കാണിക്കാനോ ജനങ്ങളെ തമ്മിലടിപ്പിക്കുന്ന ഈ സ്ഥിതിവിശേഷത്തിന് അറുതി വരുത്തുവാൻ എല്ലാവരുടേയും സഹായവും സഹകരണവും ഞാൻ അഭ്യർത്ഥിക്കുകയാണ്.

IV. മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

(1) 1985 മേയ് 24—ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 301/85/ഫിൻ (എസ്.ആർ.ഒ. നമ്പർ 774/85).

(2) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1983 മാർച്ച് 31—ാം തീയതി അവസാനിച്ച വർഷത്തെ കണക്കിനെ സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട്.

(3) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1984—85—ലെ വാർഷിക റിപ്പോർട്ട്.

V. റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 23 മുതൽ 26 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതിഹാജി: സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 23 മുതൽ 26 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly